ഭരണഭാഷ — മാതൃഭാഷ

നമ്പർ.എഫ്1/3021/റ്റിസി/2014

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി: 30.10.2014.

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ,
കൊട്ടാരക്കര.

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** - ന്യൂമാറ്റിക് ടയർ അല്ലാത്ത റോഡ് റോളർ പോലുള്ള വാഹനങ്ങൾക്ക് ഈടാക്കുന്ന നികുതി-ലോക്കൽ ആഡിറ്റ് റിപ്പോർട്ടുകളിലെ ഒബ്ജക്ഷൻ - സംബന്ധിച്ച്.

സൂചന :- 23.09.2014-ലെ താങ്കളുടെ B1/clarification/2014/KTR നമ്പർ കത്ത്.

വിവിധ ഓഫീസുകളിലെ ലോക്കൽ ആഡിറ്റ് റിപ്പോർട്ടുകളിൽ 01.04.2010-ന്ന ശേഷം രജിസ്റ്റർ ചെയ്തിട്ടുള്ള റോഡ് റോളറുകൾക്ക് ഒറ്റ തവണ നികുതി ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുള്ളതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. KMVT Act, 1976 ലെ Tax Schedule-ലെ 5-)o പ്രൊവിസോയിൽ ന്യൂമാറ്റിക് ടയർ ഉള്ളവയുടെ നികുതിയുടെ 150 ശതമാനം നികുതിയാണ് നിഷ്കർഷിച്ചിട്ടുള്ളത്. 01.04.2010 മുതൽ റോഡ് റോളർ ഉൾപടെയുള്ള കൺസ്ട്രക്ഷൻ എക്യുപ്മെന്റ് വാഹനങ്ങൾക്ക് ഒറ്റ തവണ നികുതി ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ മേൽ പറഞ്ഞതനുസരിച്ച് വാഹന വിലയുടെ 6 ശതമാനം എന്നതിനു പകരം വാഹന വിലയുടെ 9 ശതമാനം നികുതി ഈടാക്കേണ്ടിയിരുന്നതായാണ് ചൂണ്ടികാണിച്ചിരിക്കുന്നത്.

ന്യൂമാറ്റിക് ടയർ ഉള്ള വാഹനത്തിൽ പിന്നീട് ന്യൂമാറ്റിക് അല്ലാത്ത ടയറോ ചെയിനോ ഘടിപ്പിക്കുമ്പോൾ 50 ശതമാനത്തിലധികം നികുതി നൽകണം. എന്നാൽ റോഡ് റോളർ ന്യൂമാറ്റിക് അല്ലാത്ത ടയർ ഘടിപ്പിച്ച വാഹനമായതിനാലും അതിന് പ്രത്യേകമായി (റോഡ് റോളർ) നികുതി ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ളതിനാലും 150 ശതമാനം നികുതി ബാധകമല്ല. അതുപോലെ ഒറ്റ തവണ നികുതി ബാധകമായിട്ടുള്ള വാഹനങ്ങൾക്ക് മേൽ പറഞ്ഞിട്ടുള്ള അധിക നികുതി ബാധകമാക്കേണ്ടതില്ല എന്നാണ് വകുപ്പിന്റെ അഭിപ്രായം. ഇതു സംബന്ധിച്ച് ടാക്സേഷൻ ആക്ടിൽ ഭേദഗതി വരുത്താനുള്ള പ്രപ്പോസൽ പരിഗണനയിലാണ്.

വിശ്വസ്തതയോടെ,
ഒപ്പ്
സീനിയർ ഫിനാൻസ് ഓഫീസർ
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

പകർപ്പ്: എല്ലാ ആർ.ടി.ഒ.മാർക്കും
ജോയിന്റ് ആർ.ടി.ഒ.മാർക്കും

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട്.